(ബി) ഈ സർവ്വേകൊണ്ട് ഗവണ്മെൻറ് എന്താണ് ഉദ്ദേശിച്ചിട്ടുള്ളത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) : (എ) കൃഷിഭൂമിയുടെ വിസ്തീർണ്ണം, ജലസേചനസൗകര്യങ്ങൾ, കൃഷിഭൂമികളിൽ കൃഷി ചെയ്യുന്നതിൽനിന്നും ലഭിക്കുന്ന വിളവ്, കൃഷി ചെയ്യുന്നതിനുള്ള ചെലവ്, കാർഷിക വ്യവസായ തൊഴിലാളികളുടെ ജീവിതത്തോടു മതലായ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) രാജ്യത്തെ കാർഷികവും, സാമ്പത്തികവുമായ നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഈ പ്രവർത്തനം നടത്തിവരുന്നത്.

ശ്രീ. പി. ഗോപാലൻ : ഇതിനകം എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചു എന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : ഞാൻ മുമ്പുപറഞ്ഞ വിവരങ്ങൾ ശേഖരിച്ചുവരികയാണ്. അതു് പരിപൂർണ്ണമായിട്ടില്ല.

ശ്രീ. പി. ഗോപാലൻ : അതിന്റെ സ്വഭാവമെന്താണെന്നു പറയാമോ ?

ശ്രീ. എ. എ. റഹീം : കണക്കുകൾ ശേഖരിക്കുന്ന സ്വഭാവമാണ്. അതായതു് കൃഷിഭൂമിയുടെ വിസ്തീർണ്ണം, ജലസേചനസൗകര്യങ്ങൾ, കൃഷി ചെയ്യുന്നതിനുള്ള ചെലവ്, ലഭിക്കുന്ന വിളവ് ഈ സ്വഭാവത്തിലാണ് വിവരങ്ങൾ ശേഖരിച്ചുവരുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള : കൃഷിക്കാർ എന്തുപാട്ടം കൊടുക്കുന്നു എന്നുള്ള വിവരം ശേഖരിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹീം : എല്ലാ വിവരങ്ങളും അതിൽ ഉൾപ്പെടുമെന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ഉൾപ്പെടുന്നില്ലെങ്കിൽ ഏതടിസ്ഥാനത്തിൽ അതു് ഉൾപ്പെടുത്താൻ സാധിക്കുമോ അങ്ങനെ അതുകൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടതു ചെയ്യാം.

## വ്യവസായവകുപ്പിന്റെ സ്റ്റോക്കിൽ കുറവുവന്ന ഉരുക്കു്.

* 5. [5] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന വ്യവസായവകുപ്പിന്റെ സ്റ്റോക്കിൽ 4 ടൺ ഉരുക്കു് കുറവു വന്നിട്ടുള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള വാർത്ത ശരിയാണോ ;

(ബി) ഏതെല്ലാം ഉദ്യോഗസ്ഥന്മാർചേർന്നു് സ്റ്റോർ പരിശോധിച്ചപ്പോഴാണ് ഈ വിവരം പുറത്തായതു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ശരിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡെപ്യൂട്ടി ഡെയറക്ടറും, ഫിനാൻഷ്യൽ അസിസ്റ്റന്റും കൂടി കണ്ടുപിടിച്ചതാണ്.

ശ്രീ. പി. ഗോപാലൻ : അതിനെസംബന്ധിച്ച് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പറ്റി നടപടികൾ ഒന്നുംതന്നെ എടുക്കേണ്ടതില്ല. ഓരോ കൺസയിൻമെന്റും കയറ്റിയിറക്കു നടത്തുമ്പോൾ തൂക്കത്തിൽ കുറവു വന്നിട്ടുള്ളതാണ്. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുമ്പോൾ വരാവുന്ന കുറവാണ് സംഭവിച്ചിട്ടുള്ളതു്.

ശ്രീ. പി. ഗോപാലൻ : ഇത്തരം കുറവുകൾ ഇതിനുമുമ്പും വന്നിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : വന്നിരിക്കണം.

ശ്രീ. പി. ഗോപാലൻ : അന്നു് ഈവക കാര്യങ്ങൾ വെളിച്ചത്തു വരാതിരിക്കാൻ കാരണമെന്താണു് ?

ശ്രീ. എ. എ. റഹീം : അന്നു് ആരും അങ്ങിനെ റിപ്പോർട്ടു ചെയ്തിരിക്കുകയില്ല.

ശ്രീ. പി. ഗോപാലൻ : മുമ്പു് സ്റ്റോർ പരിശോധിക്കുന്ന പരിപാടി ഉണ്ടായിരുന്നോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പറ്റി എനിയ്ക്കു് നല്ല നിശ്ചയമില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഉരുക്കിൽ എങ്ങിനെയാണു് കുറവു വരുന്നതു്, കയറ്റിയിറക്കു ചെയ്യുമ്പോൾ ഒടിഞ്ഞുപോകുമെന്നു് വിശദീകരിക്കാമോ ?

ശ്രീ. എ. എ. റഹീം : ചിലപ്പോൾ ഒടിഞ്ഞുപോകും. അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുപോകുമ്പോൾ ലോറിയിൽനിന്നുംമറ്റും താഴെവീണു് നഷ്ടംപറ്റി എന്നുംവരും.

ശ്രീ. ടി. ഒ. ബാവാ : ഓരോ തവണയും കയറ്റിയിറക്കു് നടക്കുമ്പോൾ രണ്ടു ശതമാനം കുറവുവരുമോ ?

ശ്രീ. എ. എ. റഹീം : അങ്ങനെ നോക്കിയാൽ ആറരടൺ കുറവു വരണം. ഇവിടെ കുറവു് നാലുടൺ മാത്രമേ വന്നിട്ടുള്ളൂ.

ശ്രീ. ടി. ഒ. ബാവാ : എന്നാണു് സ്റ്റോർ പരിശോധിച്ചതു് ?

ശ്രീ. എ. എ. റഹീം : തീയതി നിശ്ചയമില്ല.

ശ്രീ. പ . കേശവമേനോൻ : ഈ കുറവിന്റെ വില ഗവണ്മെന്റു കൊടുക്കേണ്ടിവന്നോ ?

ശ്രീ. എ. എ. റഹീം : ഇതു് വ്യവസ്ഥ ചെയ്തിട്ടുള്ള കുറവാണു്.



LIBRARY ARCHIVES Kerala Legislative Assembly